### 3. മറുപിള്ള പുറത്തേയ്ക്ക് വരുന്ന ഘട്ടം (മൂന്നാം ഘട്ടം)

മറുപിള്ള ആടിൻെറ കാലിൽ പിടിച്ചിരിക്കാനോ, ചുറ്റികിടക്കുവാനോ ഉള്ള സാഹചര്യം ഒഴിവാക്കുക. ഒരു കാരണവശാലും, ആട് മറുപിള്ള കഴിക്കാൻ ഇടവരരുത്. പ്രസവശേഷം 12 മണിക്കൂർ കഴിഞ്ഞിട്ടും മറുപിള്ള വീണിട്ടില്ല എങ്കിൽ വൈദ്യസഹായം ആവശ്യമായിവരും. മറുപിള്ള ഗർഭാശയത്തിൽ തന്നെ കെട്ടിനിന്നാൽ, അത് അവിടെ കിടന്ന് ചീയുകയും, ആടിൻെറ ജീവനു തന്നെ ഭീഷണിയാകുകയും ചെയ്യേക്കാം.






**തയ്യാറാക്കിയത്**

*ഡോ. ഉപാസന രത്നാകരൻ, ഡോ. തിരുപ്പതി വെങ്കിടാചലപതി,*
*ഡോ. ജമുന വത്സലൻ, ഡോ. ബിമൽ. പി. ബഷീർ,*
*ഡോ. സുനിത തോമസ്*



പ്രസിദ്ധീകരണം

അസോസിയേറ്റ് പ്രൊഫസർ & ഹെഡ്
**യൂണിവേഴ്സിറ്റി ഗോട്ട് & ഷീപ്പ് ഫാം മണ്ണുത്തി 680 651**
Email: goatandsheepf@kvasu.ac.in


# കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി

## പ്രസവത്തിൻെറ വിവിധ ഘട്ടങ്ങൾ



**എ. ഐ. സി. ആർ. പി. ഓൺ ഗോട്ട് ഇംപ്രൂവ്മെൻ്റ് (മലബാറി)**


*സെൻ്റർ ഫോർ ആൻഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ ആനിമൽ ജനട്ടിക്സ് ആൻഡ് ബ്രീഡിങ്ങ്,* **കോളേജ് ഓഫ്** വെററിനറി **ആൻഡ് അനിമൽ സയൻസസ് മണ്ണുത്തി, ത്രിശ്ശൂർ, കേരളം 680 651**

## പ്രസവത്തിൻെറ വിവിധ ഘട്ടങ്ങൾ

മൂന്ന് ഘട്ടങ്ങളിലായാണ് പ്രസവം നടക്കുന്നത്

### 1. ഗർഭാശയപേശികളുടെ പ്രവർത്തനം (ഒന്നം ഘട്ടം)

കുഞ്ഞുങ്ങളെ ഗർഭകാലാന്തരം പുറത്തേയ്ക്ക് തള്ളിയിറക്കുന്നതിനായി, വിവിധ ഹോർമോണുകളുടെ പ്രവർത്തണങ്ങൾ നിമിത്തം ഗർഭാശയം ചുരുങ്ങുകയും നിവരുകയും ചെയ്യുന്നു. ഇത് ആടിന വേദനാജനകമായ ഒന്നാണ്. ഈ ഘട്ടം ഏതാണ്ട് 1-6 മണിക്കൂർ നീണ്ടുനിൽക്കും. ഈ ഘട്ടത്തിൽ എത്തിനിൽക്കുന്ന ഗർഭിണിയാട് താഴെ പറയുന്ന ലക്ഷണങ്ങൾ കാണിക്കുന്നു.

- ഈറ്റം തടിക്കുക
- കൊഴുത്ത ദ്രാവകം
- പേശികൾ മൃദുവാകുക
- പാൽ നിറയുക
- എഴുന്നെൽക്കുകയും കിടക്കുകയു
- തീറ്റക്കും വെള്ളത്തിനും മടി
- കാലു കൊണ്ടു മാന്തുക
- ഇടവിട്ട് മൂത്രം ഒഴിക്കുക
- വയറിലേക്ക് തിരിഞ്ഞ് നോക്കുക



### 2. ആട്ടിൻ കുട്ടികളുടെ ജനനം (രണ്ടാം ഘട്ടം)

ഒന്നുമുതൽ ഒന്നര മണിക്കുറിനുള്ളിൽ ആട്ടിൻ കുട്ടികൾ സാധാരണഗതിയിൽ പുറത്തേയ്ക്ക് വരുന്നു. ഈ ഘട്ടത്തിൽ ആദ്യത്തെ തണ്ണീർക്കുടം പൊട്ടി, വെള്ളം വരുന്നതിനോടൊപ്പം തന്നെയാണ കുട്ടികളുടെ ജനനവും. ആട് ശക്തമായി മുക്കുകയും, ആട്ടിൻ കുട്ടിയുടെ തലയും കൈകളും ഈററത്തിൻെറ ദ്വാരത്തിൽ കാണപ്പെടുകയും ചെയ്യുന്നു. തണ്ണിർക്കുടം പൊട്ടി 2 മണിക്കൂറിൽ കൂടുതൽ സമയം ആയിട്ടും കുട്ടികൾ പുറത്തേയ്ക്ക് വന്നില്ലെങ്കിൽ ഡോക്ടറുടെ സഹായം ആവശ്യമായി വരും.



